**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 572** **17-09-2025 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് മണ്ഡലത്തിലെ കല്ലൂരിക്കടവ് പാലം പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന അഴീക്കോട് മണ്ഡലത്തിലെ കല്ലൂരിക്കടവ് പാലം പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദീകരിക്കുമോ; | (എ) | 20.07.2017-ലെ G.O(Rt) No.942/2017/PWD പ്രകാരം 25 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി നൽകിയ നാറാത്ത് പാപ്പിനിശ്ശേരി കല്ലൂരിക്കടവ് പാലത്തിന്റെ നിർമാണ പ്രവൃത്തിക്ക് 34.9 കോടി രൂപയുടെ എസ്റ്റിമേറ്റ് തുക കണക്കാക്കി PWD ഡിസൈൻ വിഭാഗം തയ്യാറാക്കിയ DPR നിർവ്വഹണ ഏജൻസിയായ KRFB 13.12.2021-ന് കിഫ്ബിയ്ക്ക് സമർപ്പിച്ചിരുന്നു. ആയത് അവലോകനം നടത്തി കിഫ്ബി 09.02.2022-ന് സാങ്കേതിക അവലോകന റിപ്പോർട്ട് നിർവ്വഹണ ഏജൻസിക്ക് നൽകിയിരുന്നതും, ആതിന്റെ മറുപടി തൃപ്തികരമല്ലാത്തതിനാൽ 24/06/2022-ന് നിരീക്ഷണക്കുറിപ്പ് നൽകിയിരുന്നതുമാണ്. എന്നാൽ പാലത്തിന്റെ അപ്രോച്ച് റോഡുകളുടെ നീളം വർദ്ധിപ്പിച്ചതിന്റെയും, ബഹു. എം.എൽ.എ നിർദ്ദേശിച്ച മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയ പുതുക്കിയ അലൈൻമെന്റ് പ്രകാരം 16.113 കോടി രൂപ അധിക ചെലവ് കണക്കാക്കി അപ്രോച്ച് റോഡുകളുടെ DPR തയ്യാറാക്കുകയും, ആയത് PWD ഡിസൈൻ വിഭാഗം 21.05.2024-ന് KRFB ക്ക് സമർപ്പിച്ചിരുന്നു. തുടർന്ന് പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം DPR കൾ ഏകോപിപ്പിച്ച് റിവൈസ് ചെയ്ത് തരുന്നതിന് വേണ്ടി ചീഫ് എഞ്ചിനീയർ, PWD ഡിസൈൻ വിങ്ങിന് 04.09.2024 ൽ നിർദേശം നൽകുകയും ആയതു പ്രകാരം ഡിസൈൻ വിങ്ങിൽ നിന്നും ലഭ്യമായ 43.13 കോടി രൂപയുടെ പരിഷ്കരിച്ച DPR 28.12.2024-ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി അവലോകനത്തിന്റെ ഭാഗമായി കിഫ്ബി 24.02.2025-ന് സൈറ്റ് സന്ദർശിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ രണ്ടാമത് സാങ്കേതിക അവലോകന റിപ്പോർട്ട് 17.03.2025-ന് നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുമുണ്ട്. ആയതിന് SPV നാളിതുവരെ മറുപടി സമർപ്പിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | | ഭൂവുടമകളിൽ നിന്ന് സ്ഥലം സൗജന്യമായി ഏറ്റെടുത്തു കൊണ്ട് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്നും, അതിനായി ഭൂവുടമകളുമായിട്ടുള്ള മീറ്റിംഗ് നടത്താൻ തീരുമാനിച്ചിരിക്കുന്നു എന്നുമാണ് നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി അറിയിച്ചിരിക്കുന്നത്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കിഫ്ബി നൽകിയ സാങ്കേതിക അവലോകന റിപ്പോർട്ടിന് നിർവ്വഹണ ഏജൻസി തൃപ്തികരമായ മറുപടി സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ വർക്ക് പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിങ്ങിൽ നിന്നും ഡിസൈൻ ലഭിക്കേണ്ടതുണ്ട് എന്നാണ് നിർവഹണ ഏജൻസിയായ KRFB അറിയിച്ചിരിക്കുന്നത്. |
| (ഡി) | പ്രസ്തുത പ്രവൃത്തിയുടെ തുടർനടപടികൾക്ക് തടസ്സങ്ങളുണ്ടോ; വിശദീകരണം നൽകുമോ? | (ഡി) | നിലവിൽ പ്രവൃത്തിക്ക് തടസ്സങ്ങളൊന്നും തന്നെയില്ല എന്നാണ് നിർവഹണ ഏജൻസിയായ KRFB അറിയിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ